**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി XI

# (2011-2013)

## ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും

2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII,
സബ്ജക്ട് കമ്മിറ്റി IX എന്നിവയുടെ അഞ്ചാമത്
റിപ്പോർട്ടുകളിലെ ഭക്ഷ്യ പൊതുവിതരണ
ഉപഭോക്തൃകാര്യം, സഹകരണം എന്നീ
വകുപ്പുകളുമായി ബന്ധപ്പെട്ട
ശുപാർശകളിന്മേൽ സർക്കാർ
സ്വീകരിച്ച നടപടികൾ സംബന്ധിച്ച
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്.)

2012 മാർച്ച് 20-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി XI

## (2011-2013)

# ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും

2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII,
സബ്ജക്ട് കമ്മിറ്റി IX എന്നിവയുടെ അഞ്ചാമത്
റിപ്പോർട്ടുകളിലെ ഭക്ഷ്യ പൊതുവിതരണ
ഉപഭോക്തൃകാര്യം, സഹകരണം എന്നീ
വകുപ്പുകളുമായി ബന്ധപ്പെട്ട
ശുപാർശകളിന്മേൽ സർക്കാർ
സ്വീകരിച്ച നടപടികൾ സംബന്ധിച്ച
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്)

190/2012.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XI

## ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും

## (2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. ഷിബു ബേബി ജോൺ,
തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽസപ്ലൈസും
രജിസ്ട്രേഷനും വകുപ്പുമന്ത്രി

എക്സ്—ഒഫിഷ്യോ അംഗങ്ങൾ :

ശ്രീ. സി. എൻ. ബാലകൃഷ്ണൻ,
സഹകരണ വകുപ്പുമന്ത്രി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
റവന്യൂ വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി ഗീതാ ഗോപി

ഡോ. എൻ. ജയരാജ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

ശ്രീ. ലൂഡി ലൂയിസ്

ശ്രീ. കെ. കെ. നാരായണൻ

ശ്രീ. ആർ. സെൽവരാജ്

ശ്രീ. ജി. സുധാകരൻ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

ശ്രീമതി എൽ. യമുനകുമാരി, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

# അവതാരിക

സബ്ജക്ട് കമ്മിറ്റി VII-(ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും) സബ്ജക്ട് കമ്മിറ്റി IX (തദ്ദേശ സ്വയംഭരണവും സഹകരണവും) എന്നിവയുടെ 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടുകളിലെ ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യം, സഹകരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-XI-ന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് സബ്ജക്ട് കമ്മിറ്റി-XI-ന്റെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2010 ജൂൺ 28-ാം തീയതിയിലെ 669-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിധിയിൽ ഉൾപ്പെട്ടിരുന്ന ഭക്ഷ്യം, പൊതുവിതരണം, ഉപഭോക്തൃകാര്യം, സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിധിയിൽ ഉൾപ്പെട്ടിരുന്ന സഹകരണം എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തി സബ്ജക്ട് കമ്മിറ്റി XI രൂപീകരിക്കുകയുണ്ടായി. 2011 ഒക്ടോബർ 20-ാം തീയതി ചേർന്ന സബ്ജക്ട് കമ്മിറ്റി XI-ന്റെ യോഗത്തിൽ സബ്ജക്ട് കമ്മിറ്റി VII, സബ്ജക്ട് കമ്മിറ്റി IX എന്നിവയുടെ 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടുകളിലെ ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യം, സഹകരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരം ഉൾപ്പെടുത്തിയ സ്റ്റേറ്റുമെന്റുകൾ സമിതി പരിഗണിക്കുകയും അവ ഈ റിപ്പോർട്ടിൽ ചേർക്കുകയും ചെയ്തിരിക്കുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ഭാഗം I-ൽ സമിതി പരിഗണിച്ച നടപടി സ്റ്റേറ്റ്മെന്റുകളും ബന്ധപ്പെട്ട ശുപാർശകളും ഭാഗം II-ൽ ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകളിലെ ശുപാർശകളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

2011 ഒക്ടോബർ 27-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചുവെങ്കിലും അന്നത്തെ സമിതി ചെയർമാനായിരുന്ന ശ്രീ. ടി. എം. ജേക്കബിന്റെ നിര്യാണംമൂലം റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സഭയിൽ സമർപ്പിക്കുവാൻ സാധിച്ചിരുന്നില്ല. പിന്നീട് ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ റിപ്പോർട്ട് 2012 ഫെബ്രുവരി 21-ാം തീയതി ചേർന്ന യോഗത്തിൽ സമിതി വീണ്ടും പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഷിബു ബേബി ജോൺ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2012 മാർച്ച്, 20.

# റിപ്പോർട്ട്

## ഭാഗം I

**സബ്ജക്ട് കമ്മിറ്റി VII (ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും)-ന്റെ 2010-2011-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഭക്ഷ്യ-പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരം ഉൾക്കൊള്ളിച്ചു സമർപ്പിച്ച മറുപടികളിൽ സമിതിയുടെ അംഗീകാരം ലഭിച്ചവ താഴെ ചേർത്തിരിക്കുന്നു.**

## ധനാഭ്യർത്ഥന നമ്പർ XXX

### ഭക്ഷ്യം

2408-01-101-98-റേഷൻ അരിയുടെയും ഗോതമ്പിന്റെയും വിലയിലുണ്ടായ അന്തരം ഫുഡ് കോർപ്പറേഷന് മടക്കികൊടുക്കൽ

ശുപാർശ (ഖണ്ഡിക നമ്പർ 55)

സംസ്ഥാന സർക്കാർ സബ്സിഡി നൽകി റേഷൻ അരി വിതരണം ചെയ്യുമ്പോൾ ഉണ്ടാകുന്ന ചെലവ് വഹിക്കുന്നതിനാണ് ഈ തുക വകകൊളളിച്ചിരിക്കുന്നത്. സബ്സിഡി നൽകുന്ന തുക സംസ്ഥാന സർക്കാർ എഫ്.സി.ഐ. യ്ക്ക് നൽകുകയും എഫ്.സി.ഐ. സബ്സിഡി നിരക്കിൽ അരി നൽകുകയുമാണ് ചെയ്യുന്നത്. 30-4-2009-ലെ ജി.ഒ. (എംഎസ്.) നമ്പർ 12/2009 ഭ.സി.സ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും എ.പി.എൽ. വിഭാഗത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും, ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്കും പ്രതിമാസം 25 കിലോഗ്രാം ഭക്ഷ്യ ധാന്യം 2 രൂപ നിരക്കിൽ വിതരണം ചെയ്യുന്ന ഈ പദ്ധതിയുടെ ചെലവിനായി 2009-10 സാമ്പത്തിക വർഷം 19615 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിച്ചിരുന്നു. ഈ പദ്ധതിയിൽ 2010-11-ൽ അസംഘടിത പരമ്പരാഗത മേഖലകളിലുള്ള കുടുംബങ്ങളെക്കൂടി ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പ്രതിമാസം 10 കോടി രൂപ അധികമായി ആവശ്യമുണ്ട്. ഈ പദ്ധതിക്കായി ആകെ ഒരു മാസത്തെ ചെലവ് 27 കോടി രൂപയാണ്. ആയതിനാൽ 200 കോടി രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

30-4-2009-ലെ ജി.ഒ. (എംഎസ്.) നമ്പർ 12/2009/ഭ.സി.സ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് തഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും എ.പി.എൽ. വിഭാഗത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും, ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്കും പ്രതിമാസം 25 കി. ഗ്രാം. ഭക്ഷ്യധാന്യം 2 രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതിയുടെ ചെലവിനായി 2009-2010 വർഷത്തെ ബഡ്ജറ്റിൽ 19615 ലക്ഷം രൂപയും, 2010-2011 സാമ്പത്തിക വർഷത്തിൽ 125 കോടി രൂപയും

ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. തുടർന്ന് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യത്തിന് 2010-2011 സാമ്പത്തിക വർഷത്തിൽ അസംഘടിത മേഖലയിലെ പരമ്പരാഗത കുടുംബങ്ങളെ കൂടി ഉൾപ്പെടുത്താനുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാന ത്തിൽ പദ്ധതി വിപുലീകരണത്തിനായി ആവശ്യമായ പ്രതിമാസ ചെലവായ 27 കോടി രൂപയുടെ അധികചെലവിനായി 2010 ജൂലൈ മാസത്തെ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിലൂടെ 100 കോടി രൂപയും 2011 ഫെബ്രുവരി മാസത്തെ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിലൂടെ 53.86 കോടി രൂപയും വകയിരുത്തി. കൂടാതെ 4,66,41,000 രൂപ ടി ശീർഷകത്തിൽ വകമാറ്റുകയും ചെയ്തതിലൂടെ ആകെ 283,52,41,000 രൂപ ടി ശീർഷകത്തിൽ സർക്കാർ വകയിരുത്തുകയും 283,52,40,789 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2408-01-190-96-കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്

ശുപാർശ (ഖണ്ഡിക നമ്പർ 56)

2009-10 സാമ്പത്തിക വർഷം ഫെബ്രുവരി 2010 വരെ കോർപ്പറേഷന് മാർക്കറ്റ് ഇടപെടൽ, അരിക്കട നടത്തിപ്പ് എന്നിവമൂലം ഉണ്ടായ നഷ്ടം 180.33 കോടി രൂപയാണ്. എന്നാൽ പ്രതിവർഷം 60 കോടി രൂപ നികുതിയിനത്തിൽ കോർപ്പറേഷൻ വഴി സർക്കാരിന് ലഭിക്കുന്നുണ്ട്. മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി നടത്തുന്ന പ്രവർത്തന ങ്ങൾക്ക് ഈ സാമ്പത്തിക വർഷം കോർപ്പറേഷന് 83 കോടി രൂപ ഗ്രാന്റായി നൽകി യിട്ടുണ്ട്. വിപണിയിൽ ഇടപെടുന്നതു മൂലം കോർപ്പറേഷന് ഉണ്ടാകുന്ന ബാദ്ധ്യത മുഴുവൻ സബ്സിഡിയായി നൽകുന്നതാണെന്ന് ബഹു. ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ ഉറപ്പു നൽകിയിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷം കോർപ്പറേഷന് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിലേക്കായി 120 കോടി രൂപയും മാവേലി സാധന ങ്ങൾ സാധാരണക്കാർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് കോർപ്പറേഷൻ പൊതുവിപണിയിൽ നിന്നും സംഭരിച്ചുവിതരണം ചെയ്യുന്ന സാധനങ്ങളുടെ വിലയിലു ണ്ടാകുന്ന വ്യത്യാസം കോർപ്പറേഷന് ലഭ്യമാക്കുന്നതിനുവേണ്ടി 100 കോടി രൂപയും ചേർത്ത് ആകെ 220 കോടി രൂപ വകയിരുത്തണമെന്നു സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിൽ "2408-01-190-96 (NP)" എന്ന ശീർഷക ത്തിൽ സപ്ലൈകോയുടെ മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപ വകയിരുത്തുകയും മുഴുവൻ തുകയും അനുവദിക്കുകയുണ്ടായി. ഇതു കൂടാതെ സപ്ലൈകോയുടെ വിവിധ മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തന ങ്ങൾക്കായി 24.31 കോടി രൂപ ഇതേ ശീർഷകത്തിൽ വീണ്ടും അനുവദിക്കുകയു ണ്ടായി. അങ്ങനെ മൊത്തം 74.31 കോടി രൂപ ഇതേ ശീർഷകത്തിൽ അനുവദിക്കുക യുണ്ടായി. സംസ്ഥാനത്ത് നിലനില്ക്കുന്ന ചുരുങ്ങിയ ധനാഗമമാർഗ്ഗങ്ങൾ കാരണം കമ്മിറ്റിയുടെ ശുപാർശകൾ മുഴുവൻ നടപ്പിലാക്കുവാൻ കഴിയുന്ന അവസ്ഥയിൽ അല്ല. നിലവിലുള്ള ബഡ്ജറ്റ് പ്രൊവിഷനകത്തു നിന്നുകൊണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അവരുടെ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്ന കാര്യം അറിയിച്ചുകൊള്ളുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 57)

വിലനിലവാരം പിടിച്ചുനിർത്താൻ സംസ്ഥാനത്തുടനീളം സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ പദ്ധതി നടപ്പാക്കികഴിഞ്ഞു. ഈ പദ്ധതി സംസ്ഥാനത്തുടനീളം നടപ്പാക്കുകവഴി ഉപഭോക്താക്കൾക്ക് പ്രത്യേകിച്ചും പിന്നോക്കവിഭാഗങ്ങൾ അധിവസിക്കുന്ന മേഖലകളിലേയും തീരപ്രദേശങ്ങളിലേയും മലമ്പ്രദേശങ്ങളിലേയും ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്നതാണ്. കൂടാതെ പ്രകൃതി ദുരന്തസമയങ്ങളിൽ ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. ശേഷിക്കുന്ന 10 ജില്ലകളിൽ കൂടി ഈ പദ്ധതി നടപ്പാക്കുന്നതിനായി വാഹനം വാങ്ങുന്നതിന് 2010-11-ൽ സർക്കാർ അനുവദിച്ച 1 കോടി രൂപ ഡിമാന്റ് നമ്പർ XXV-ൽ '3456-00-001-99-21-1 വാഹനം വാങ്ങൽ' എന്ന ശീർഷകത്തിലാണ് വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത തുക ഡിമാന്റ് നമ്പർ XXX-ൽ 2408 ശീർഷകത്തിലേക്ക് മാറ്റി വകയിരുത്തണമെന്നും മേൽ സൂചിപ്പിച്ച 1 കോടി രൂപയ്ക്കു പുറമേ പ്രസ്തുത ആവശ്യത്തിനായി 52 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വാഹനം വാങ്ങുന്നതിനുള്ള ഒരു കോടി രൂപയ്ക്കുള്ള ബഡ്ജറ്റ് പ്രൊവിഷൻ കമ്മിറ്റി നിർദ്ദേശിച്ചതു പോലെ ഡിമാന്റ് നമ്പർ "XXX-Food"-ൽ "2408-01-800-83-21-1 Purchase of vehicles (plan)" എന്ന ശീർഷകത്തിലാണ് വകയിരുത്തിയിരിക്കുന്നത്. കോർപ്പറേഷൻ ചെലവുകൾ മുഴുവൻ ഒരു കോടി രൂപയിൽ ഒതുക്കണമെന്നും അധികം ഉണ്ടാകുന്ന ചെലവുകൾ അവരുടെ ധനാഗമ മാർഗ്ഗങ്ങളിലൂടെ കണ്ടെത്തണമെന്നുമുള്ള നിബന്ധനയിൽ വാഹനം വാങ്ങുന്നതിനുള്ള ഒരു കോടി രൂപ അനുവദിച്ചു നൽകുകയുണ്ടായി. എന്നിരുന്നാലും ആവശ്യകത അനുസരിച്ച് അധികമായി അനുവദിക്കുന്ന വാഹനങ്ങൾക്ക് നിലവിലുള്ള ധന ലഭ്യതയനുസരിച്ച് 'Demand Food' below major h/a 2408 (Plan)പ്രകാരം നടപ്പുവർഷം അധികഫണ്ട് അനുവദിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

**സബ്ജക്റ്റ് കമ്മിറ്റി IX (തദ്ദേശസ്വയംഭരണവും സഹകരണവും)-ന്റെ 2010-2011-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ശുപാർശകളിന്മേലും സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരം ഉൾക്കൊള്ളിച്ച മറുപടി വകുപ്പിൽ നിന്നും ലഭിക്കുകയും അവയ്ക്ക് സമിതിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ശുപാർശകളും അവയ്ക്കുള്ള മറുപടികളും താഴെ ചേർത്തിരിക്കുന്നു.**

ധനാഭ്യർത്ഥന നമ്പർ XXVII

**സഹകരണം**

2425-00-107-93-കാർഷികോത്പാദന ചെലവ് സമാശ്വാസ പദ്ധതി

ശുപാർശ (ഖണ്ഡിക നമ്പർ 1)

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയിൽ നിന്നും വായ്പയെടുക്കുന്ന കർഷകന്

വായ്പ കൃത്യമായി തിരിച്ചടയ്ക്കുകയാണെങ്കിൽ മുതൽ തുകയുടെ 5% പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ വർഷവും 8 കോടി രൂപ വേണ്ടിവരും. മുൻ വർഷങ്ങളിൽ ഈ ശീർഷകത്തിൽ വക കൊള്ളിച്ചിരുന്ന തുക അപര്യാപ്തമായിരുന്നതിനാൽ 64.83 കോടി രൂപ കുടിശ്ശികയായി നൽകേണ്ടതുണ്ട്. ആയതിനാൽ ഈ പദ്ധതി പ്രകാരമുള്ള കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി 2010-11 സാമ്പത്തിക വർഷം അനുവദിച്ച 7 കോടി രൂപയ്ക്ക് പുറമേ 58 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

കാർഷികോത്പാദന ചെലവ് സമാശ്വാസ പദ്ധതി പ്രകാരം 2010-11 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 7 കോടി രൂപയ്ക്ക് പുറമേ തുക ലഭിച്ചിരുന്നില്ല. 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്രസ്തുത ഇനത്തിൽ 51 കോടി രൂപ വകയിരുത്തുന്നതിന് ബഡ്ജറ്റ് പ്രൊപ്പോസൽ സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ചിരുന്നുവെങ്കിലും, ഈ ഇനത്തിൽ 7 കോടി രൂപ മാത്രമാണ് പ്രസ്തുത വർഷവും വകയിരുത്തിയിട്ടുള്ളത്.

### 2425-00-108-47-പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം (CAPE)

### ശുപാർശ (ഖണ്ഡിക നമ്പർ 2)

കേപ്പിന് ധനസഹായം നൽകുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും, ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് പദ്ധതി നിക്ഷേപം നടത്തുന്നതിനും പ്രസ്തുത നിക്ഷേപ തുകയുടെ 25% ഗ്രാന്റായി അക്കാഡമിക്ക് നൽകുന്നതിനും വ്യവസ്ഥയുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം സമാഹരിച്ച തുകയുടെ 25% ആയ 81.91 കോടി രൂപ അക്കാഡമിക്ക് ഗ്രാന്റായി ലഭിക്കുവാൻ അർഹതയുണ്ട്. ഈ ഇനത്തിൽ 43.269 കോടി രൂപ 'കേപ്പിന്' ഇനിയും അനുവദിക്കേണ്ടതായുണ്ട്. ആയതിനാൽ 'കേപ്പിന്' ഗ്രാന്റ് ഇനത്തിൽ ഈ വർഷം അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമേ 41.80 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പ്രൊഫഷണൽ വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള സഹകരണ അക്കാഡമിക്കായുള്ള ധനസഹായത്തിന് അർഹതയുള്ള 81.91 കോടി രൂപയിൽ 40.1051 കോടി രൂപ 2010-11 വർഷം വരെയുള്ള ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ശേഷിക്കുന്ന തുകയായ 41.805 കോടി രൂപയിൽ 1.75 കോടി രൂപ 2011-12 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2010-11 വർഷത്തെ ഒന്നാമത്തെയും, അവസാനത്തേയും ഉപധനാഭ്യർത്ഥനവഴി 10 കോടി രൂപ ഗ്രാന്റ് ഇനത്തിൽ കേപ്പിന് അനുവദിക്കുന്നതിന് സഹകരണസംഘം രജിസ്ട്രാർ അപേക്ഷിച്ചിരുന്നുവെങ്കിലും ആയത് നൽകിയിട്ടില്ല. 2011-12-ലെ ഉപധനാഭ്യർത്ഥനവഴി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശുപാർശ (ഖണ്ഡിക നമ്പർ 3)

ഗവൺമെന്റ് നിശ്ചയിക്കുന്ന ഫീസിൽ കുട്ടികളെ പഠിപ്പിക്കുകയും വളരെ കുറഞ്ഞ ചികിത്സാ ഫീസ് ഈടാക്കുകയും ചെയ്യുന്ന സഹകരണ വകുപ്പിന്റെ കീഴിൽ വരുന്ന പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകളുടെ ഇപ്പോഴത്തെ വാർഷിക ഡെഫിഷ്യൻസി 10 കോടി രൂപ വീതമാണ്. ആയതിനാൽ, പ്രസ്തുത കോളേജുകളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ധനസമാഹരണത്തിന് ഒരു സ്ഥിരനയം രൂപീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകളുടെ സുഗമമായ പ്രവർത്തനത്തിന് ഒരു സ്ഥിരനയം രൂപീകരിക്കുന്നത് സംബന്ധിച്ച തീരുമാനം എടുക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ 2011-12 സാമ്പത്തിക വർഷം KCHCക്ക് നെഫ്രോളജി ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിന് 2 കോടിയും കേപ്പിന് 4 കോടിയും വകയിരുത്തിയിട്ടുണ്ട് (2425-108-47).

2425-00-108-80-ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായധനം

ശുപാർശ (ഖണ്ഡിക നമ്പർ 4)

നിത്യോപയോഗ സാധനങ്ങളുടെ അനിയന്ത്രിതമായ വിലക്കയറ്റംമൂലം പൊറുതി മുട്ടുന്ന സാധാരണ ജനങ്ങൾക്ക് ഒരാശ്വാസമാണ് കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ഉത്സവചന്തകളും ന്യായവില കമ്പോളങ്ങളും. ആവശ്യമായ ഫണ്ടിന്റെ അഭാവംമൂലം ഇവയുടെ പ്രവർത്തനം പ്രതിസന്ധിയിലാണ്. സബ്സിഡിയിനത്തിൽ സർക്കാർ കൺസ്യൂമർ ഫെഡിന് കൊടുത്തുതീർക്കുവാനുള്ള കുടിശ്ശികയുമായി തട്ടിച്ചുനോക്കുമ്പോൾ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 1 കോടി രൂപ തികച്ചും അപര്യാപ്തമാണ്. ആയതിനാൽ 136.77 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായധനമായി 1 കോടി രൂപ 2425-108-80 എന്ന ശീർഷകത്തിൽ 2010-11 സാമ്പത്തിക വർഷം അനുവദിച്ചതിനു പുറമേ തൻവർഷം ആദ്യത്തെ ഉപധനാഭ്യർത്ഥനവഴി 4 കോടി രൂപയും അഡീഷണൽ ആതറൈസേഷൻ വഴി 10 കോടി രൂപയും, അവസാന ഉപധനാഭ്യർത്ഥനവഴി 55 കോടി രൂപയുൾപ്പെടെ മൊത്തം എഴുപതുകോടി രൂപ ഈ ഇനത്തിൽ 2010-11 സാമ്പത്തിക വർഷം അനുവദിച്ചു നൽകിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം 2425-108-80 ശീർഷകത്തിൽ 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുന്നു.

2425-00-108-49-ഉപഭോക്തൃസഹകരണ സംഘങ്ങൾക്കുള്ള സാമ്പത്തിക സഹായം

4425-00-108-45-

6425-00-108-22-

ശുപാർശ (ഖണ്ഡിക നമ്പർ 5)

സംസ്ഥാനത്തിലെ നാലായിരത്തിലധികം സ്കൂൾ, കോളേജ് സഹകരണ സംഘങ്ങൾ, സർവ്വകലാശാല സ്റ്റോറുകൾ, പ്രാഥമിക ഉപഭോക്തൃ സംഘങ്ങൾ, ജില്ലാ മൊത്ത വ്യാപാര സഹകരണ സ്റ്റോറുകൾ എന്നിവയുടെ പുനരുദ്ധാരണത്തിനായി ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2425-00-108-49 ശീർഷകത്തിൽ 40 ലക്ഷം രൂപയും 4425-00-108-45 ശീർഷകത്തിൽ 200 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കുള്ള സാമ്പത്തിക സഹായമായി 2425-108-49, 4425-108-45, 6425-108-22 എന്നീ ശീർഷകങ്ങളിലായി യഥാക്രമം 10 ലക്ഷം, 80 ലക്ഷം, 10 ലക്ഷം എന്നിങ്ങനെ മൊത്തം 1 കോടി രൂപ 2010-11 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് പ്രകാരം അനുവദിച്ചിരുന്നു. ധനപുനഃക്രമീകരണം വഴി 6425-108-22 എന്ന ശീർഷകത്തിൽ ഈ ഇനത്തിൽ 12 ലക്ഷം രൂപ കൂടി തൻവർഷം ലഭ്യമാക്കിയിരുന്നു. ലഭ്യമായ പ്രൊപ്പോസലുകൾ പ്രകാരം ബഡ്ജറ്റ് നിർദ്ദേശ പ്രകാരമുള്ള ഫണ്ട് പര്യാപ്തമായിരുന്നു. ആയതിനാൽ, അധിക വിഭവ സമാഹരണം വേണ്ടതായി കാണുന്നില്ല. 2011-12 സാമ്പത്തിക വർഷത്തിലും മേൽ പറഞ്ഞ ശീർഷകങ്ങളിൽ യഥാക്രമം 10 ലക്ഷം, 80 ലക്ഷം, 10 ലക്ഷം എന്നീ ക്രമത്തിൽ ആകെ ഒരു കോടി രൂപ അനുവദിച്ചിട്ടുള്ളതായി അറിയിക്കുന്നു.

2425-00-108-53-നീതി സ്റ്റോറുകൾക്കുള്ള സാമ്പത്തിക സഹായം

4425-00-108-44-

6425-00-108-21-

ശുപാർശ (ഖണ്ഡിക നമ്പർ 6)

ഗുണനിലവാരമുള്ള സാധനങ്ങൾ താരതമ്യേന കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുക എന്നതാണ് സഹകരണ നീതിസ്റ്റോറുകളുടേയും നീതി മെഡിക്കൽ സ്റ്റോറുകളുടേയും ലക്ഷ്യം. ഇവയുടെ നടത്തിപ്പിന് ധനസഹായം നൽകുന്നതിനായി ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 2425-00-108-53 ശീർഷകത്തിൽ 30 ലക്ഷം രൂപയും 4425-00-108-44 ശീർഷകത്തിൽ 60 ലക്ഷം രൂപയും 6425-00-108-21 ശീർഷകത്തിൽ 60 ലക്ഷം രൂപയുംകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നീതി സ്റ്റോറുകളുടെ സാമ്പത്തിക സഹായമായി 2010-11 സാമ്പത്തിക വർഷത്തിൽ 2425-108-53, 4425-108-44, 6425-108-21 എന്നീ ശീർഷകങ്ങളിലായി യഥാക്രമം 10 ലക്ഷം, 20 ലക്ഷം, 20 ലക്ഷം എന്നിങ്ങനെ തുകകൾ ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നു. ത്രിവേണി സ്റ്റോറുകളുടെയും നീതി സ്റ്റോറുകളുടെയും എണ്ണം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ശീർഷകങ്ങളിൽ യഥാക്രമം 65 ലക്ഷം, 80 ലക്ഷം, 155 ലക്ഷം എന്നിങ്ങനെ തുകകൾ അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിന് ശുപാർശ സമർപ്പിച്ചിരുന്നെങ്കിലും 2011-12 സാമ്പത്തിക വർഷത്തിലും പ്രസ്തുത ശീർഷകങ്ങളിൽ, 2010-11 വർഷത്തേതുപോലെ യഥാക്രമം 10 ലക്ഷം, 20 ലക്ഷം, 20 ലക്ഷം എന്ന ക്രമത്തിലാണ് തുകകൾ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്.

2425-00-108-42-പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള സഹായം

ശുപാർശ (ഖണ്ഡിക നമ്പർ 7)

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ പാവപ്പെട്ട കുടുംബങ്ങളുടെ ഉന്നമനത്തിനും ഇത്തരം കുടുംബങ്ങൾക്ക് വരുമാനവും ഉപജീവനമാർഗ്ഗവും പ്രദാനം ചെയ്യുന്നതിനും പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ നടത്തുന്ന സേവനം സമിതി വിലയിരുത്തി. സംസ്ഥാനമൊട്ടാകെയുള്ള 900-ൽ അധികം പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 25 ലക്ഷം രൂപയ്ക്ക് പുറമേ 75 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പട്ടികജാതി/പട്ടിക വർഗ്ഗ സംഘങ്ങളുടെ വികസനത്തിനായുള്ള സഹായം ആയി 2010-11 സാമ്പത്തിക വർഷത്തിൽ 2425-108-42 എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2010-11 സാമ്പത്തിക വർഷംതന്നെ 100 ലക്ഷത്തിൽ അധികം രൂപയുടെ അപേക്ഷകൾ സംഘങ്ങളിൽ നിന്ന് ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത വർഷം തന്നെ അധികമായി 75 ലക്ഷം രൂപ കൂടി അനുവദിച്ചു നൽകുന്നതിന് 17-8-2010-ലെ എസ്.സി.റ്റി (1) 37966/10-ാം നമ്പർ കത്തുമുഖേന സഹകരണ രജിസ്ട്രാർ അപേക്ഷിച്ചിരുന്നു.

2011-12 സാമ്പത്തിക വർഷത്തിൽ 2425-108-42 എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപ അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് പ്രകാരം 15 ലക്ഷം രൂപയും 4425-108-34 ഹെഡിൽ 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

2425-00-800-98-വിനോദ സഞ്ചാര വികസനത്തിന് സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം

ശുപാർശ (ഖണ്ഡിക നമ്പർ 8)

കേരളത്തിലുടനീളം വിപുലമായ ശൃംഖലയുള്ളതും നല്ല നിലയിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സ്ഥാപനങ്ങളിൽകൂടി വിനോദ സഞ്ചാരത്തിന് പ്രോത്സാഹനം

നൽകുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. കൂടാതെ പരമ്പരാഗത വ്യവസായ മേഖലയ്ക്കും ആയുർവേദത്തിനും ഈ പദ്ധതി പരോക്ഷമായി പ്രോത്സാഹനം നൽകുന്നു. ഈ പദ്ധതിക്ക് ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 30 ലക്ഷം രൂപയ്ക്ക് പുറമേ 20 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി നിർദ്ദേശമനുസരിച്ച് വിനോദസഞ്ചാരത്തിന് പ്രോത്സാഹനത്തിനും, പരമ്പരാഗത വ്യവസായം, ആയുർവേദം എന്നീ മേഖലകൾക്ക് പ്രോത്സാഹനം നൽകുന്നതിനായി 2011-12 സാമ്പത്തിക വർഷം 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിരുന്നുവെങ്കിലും 2011-12 സാമ്പത്തിക വർഷത്തിൽ 20 ലക്ഷം രൂപ (2425-800-98) യും 4425-108-33-ൽ 10 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2425-00-108-61-ദുർബലവും എന്നാൽ പുരോഗമിക്കുവാൻ സാദ്ധ്യതയുമുള്ള

4425-00-108-51-സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള

6425-00-108-29-പാക്കേജ്

ശുപാർശ (ഖണ്ഡിക നമ്പർ 9)

ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള ഈ പദ്ധതി പ്രകാരം അനുയോജ്യമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ദുർബ്ബലമായ അപ്പെക്സ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള വിവിധ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നു. നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 100 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ പദ്ധതിക്കായി 2425-00-108-61 എന്ന ശീർഷകത്തിൽ 60 ലക്ഷം രൂപയും 4425-00-108-51 ശീർഷകത്തിൽ 60 ലക്ഷം രൂപയും 6425-00-108-29 ശീർഷകത്തിൽ 80 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ദുർബലവും എന്നാൽ, പുരോഗമിക്കുവാൻ സാദ്ധ്യതയുള്ള സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പാക്കേജിന് 2010-11 സാമ്പത്തിക വർഷം 2425-108-61, 4425-108-51, 6425-108-29 എന്നീ ശീർഷകങ്ങളിലായി യഥാക്രമം 30 ലക്ഷം, 30 ലക്ഷം, 40 ലക്ഷം എന്നിങ്ങനെ അനുവദിച്ചിരുന്നു.

കൂടുതൽ ദുർബലമായ സഹകരണ സംഘങ്ങളെ കൂടി ഈ പാക്കേജിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2425-108-61, 4425-108-51, 6425-108-29 എന്നീ ശീർഷകങ്ങളിൽ യഥാക്രമം 90 ലക്ഷം, 90 ലക്ഷം, 120 ലക്ഷം എന്നിങ്ങനെ തുകകൾ ഉൾപ്പെടുത്തുന്നതിന് സഹകരണസംഘം രജിസ്ട്രാർ അപേക്ഷിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ

2011-12 സാമ്പത്തിക വർഷത്തിൽ 2425-108-61 എന്ന ശീർഷകത്തിൽ 45 ലക്ഷം രൂപയും 4425-108-51 എന്ന ശീർഷകത്തിൽ 45 ലക്ഷം രൂപയും 6425-108-29 എന്ന ശീർഷകത്തിൽ 60 ലക്ഷം രൂപയും ഉൾപ്പെടെ മൊത്തം 150 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുന്നു.

2425-00-108-60-വൻതോതിലുള്ള വാണിജ്യ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന്

4425-00-108-50-സഹകരണ സംഘങ്ങൾക്കുള്ള സഹായം

6425-00-108-28-

ശുപാർശ (ഖണ്ഡിക നമ്പർ 10)

വൻകിട വാണിജ്യ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന ഈ പദ്ധതിക്ക് 100 ലക്ഷം രൂപ കൂടി അധികമായി ഈ സാമ്പത്തിക വർഷം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വൻതോതിലുള്ള വാണിജ്യ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായമായി 2010-11 സാമ്പത്തിക വർഷം 2425-108-60, 4425-108-50, 6425-108-28 എന്നീ ശീർഷകങ്ങളിൽ യഥാക്രമം 5 ലക്ഷം, 10 ലക്ഷം, 10 ലക്ഷം എന്നിങ്ങനെ തുക അനുവദിച്ചിരുന്നു.

ഇക്കാര്യത്തിൽ കൂടുതൽ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി 2425-108-60, 4425-108-50, 6425-108-28 എന്നീ ശീർഷകങ്ങളിൽ 25 ലക്ഷം, 50 ലക്ഷം, 50 ലക്ഷം എന്നിങ്ങനെ തുകകൾ വർദ്ധിപ്പിച്ച് 2011-12 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് ശ്രമിച്ചെങ്കിലും മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ യഥാക്രമം 5 ലക്ഷം, 10 ലക്ഷം, 10 ലക്ഷം എന്നീ ക്രമത്തിൽ മാത്രമേ ബഡ്ജറ്റിൽ തുകകൾ വകയിരുത്താൻ കഴിഞ്ഞിട്ടുള്ളു.

2425-00-001-91-സഹകരണ വകുപ്പിന്റെ നവീകരണം

ശുപാർശ (ഖണ്ഡിക നമ്പർ 11)

സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ ജില്ലാ ഓഫീസുകളുടെയും മറ്റ് വിവിധ ഓഫീസുകളുടെയും കമ്പ്യൂട്ടർവൽക്കരണമുൾപ്പെടെയുള്ള ആധുനികവൽക്കരണത്തിന് 85 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വകുപ്പിലെ എല്ലാ ജില്ലാ താലൂക്കുതല ഓഫീസുകളിലും ഹെഡ് ഓഫീസുകളിലും ഇ-ഗവേണൻസിന്റെ ഭാഗമായി കമ്പ്യൂട്ടർവത്കരണവും, എൻ-കമ്പൂട്ടിംഗ് സംവിധാനത്തിലൂടെ നടപ്പാക്കുന്നതിനുവേണ്ടി കമ്പ്യൂട്ടർ, യു.പി.എസ്., ഫോട്ടോ കോപ്പിയർ എന്നിവ വാങ്ങുന്നതിനുവേണ്ടിയും സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം

85 ലക്ഷം രൂപ കൂടി അനുവദിക്കുന്നതിന് 24-3-2011-ന് ഐ.റ്റി.ഡി (1) 47686/2010 എന്ന കത്തുപ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിരുന്നുവെങ്കിലും 2011-12 വർഷത്തെ ബഡ്ജറ്റിലും ഈ ഇനത്തിൽ 15 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളു എന്ന വിവരം അറിയിക്കുന്നു.

6425-00-107-86-കേരള സംസ്ഥാന കാർഷിക വികസന സഹകരണ ബാങ്കിന്റെ കടപ്പത്രം വാങ്ങുന്നതിന്

ശുപാർശ (ഖണ്ഡിക നമ്പർ 12)

കേരള സംസ്ഥാന കാർഷിക വികസന സഹകരണ ബാങ്കിന് കടപ്പത്രം വാങ്ങുന്നതിന് ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 100 ലക്ഷം രൂപയ്ക്ക് പുറമേ 100 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ കടപ്പത്രങ്ങൾ വാങ്ങുന്നതിലേയ്ക്കായി 2010-11 സാമ്പത്തിക വർഷത്തിൽ 6425-107-86 എന്ന ശീർഷകത്തിൽ 1 കോടി രൂപ അനുവദിച്ചിരുന്നു. ടി ശീർഷകത്തിൽ 2010-11 വർഷത്തെ ബഡ്ജറ്റിൽ 100 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിരുന്നെങ്കിലും സംസ്ഥാനത്തിന്റെ വിഭവ ശേഷിയിലെ പരിമിതിയുടെ പശ്ചാത്തലത്തിൽ സമിതി ശുപാർശ ചെയ്ത പ്രകാരമുള്ള അധിക തുകയായ 100 ലക്ഷം രൂപ കൂടി വകയിരുത്തുവാൻ സാധിച്ചിട്ടില്ല എന്ന വിവരം സവിനയം ബോധിപ്പിക്കുന്നു.

2425-00-001-99-സഹകരണസംഘം രജിസ്ട്രാറുടെ ആഫീസ്

ശുപാർശ (ഖണ്ഡിക നമ്പർ 13)

സഹകരണ വകുപ്പിന് ആസ്ഥാന മന്ദിരം പണിയുന്നതിന് നടപ്പുസാമ്പത്തിക വർഷം 100 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും ഈ ആവശ്യത്തിന് ബഡ്ജറ്റിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. ഇപ്പോൾ സഹകരണ വകുപ്പിന്റെ ആസ്ഥാന മന്ദിരം സ്ഥിതി ചെയ്യുന്നത് വളരെ കാലപ്പഴക്കംചെന്ന ഒരു വാടക കെട്ടിടത്തിലാണ്. ആയതിനാൽ സഹകരണ വകുപ്പിന് പുതിയ ആസ്ഥാന മന്ദിരം പണിയുന്നതിനായി 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സഹകരണ വകുപ്പിന് ആസ്ഥാന മന്ദിരം പണിയുന്നതിന് നടപ്പ് സാമ്പത്തിക വർഷം 2425-00-001-99 എന്ന ശീർഷകത്തിൽ തുക ഒന്നും തന്നെ അനുവദിച്ചിരുന്നില്ലെങ്കിലും, പൊതുമരാമത്ത് വകുപ്പിലെ 4059-01-051-73 എന്ന ശീർഷകത്തിൽ സഹകരണ വകുപ്പിനുവേണ്ടി 100 ലക്ഷം രൂപ 2011-12 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നു.

സഹകരണ വകുപ്പിന് ആസ്ഥാന മന്ദിരം പണിയുന്നതിന് ഹാന്റക്സിന്റെ ഉടമസ്ഥതയിലുള്ള 55 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനുള്ള തീരുമാനമെടുക്കുകയുണ്ടായെങ്കിലും, പ്രസ്തുത സ്ഥലം കൈമാറ്റി ലഭ്യമാക്കുന്നത് സംബന്ധിച്ച് ഇനിയും അന്തിമ തീരുമാനമായിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

2011-12 വർഷത്തെ പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച ബഡ്ജറ്റിൽ 4059-01-051-73 എന്ന ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി 1000 രൂപ അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 14)

ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം സഹകരണ മേഖല മുഖാന്തിരം നടത്തുന്ന ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് അർഹമായ പരിഗണന ഗവൺമെന്റിൽ നിന്ന് ലഭിക്കാത്തത് സഹകരണ മേഖലയുടെ നിലനില്പിനെ സാരമായി ബാധിക്കുന്നതായി സമിതി വിലയിരുത്തി. ആയതിനാൽ സഹകരണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്തി പ്രത്യേകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. കേരളത്തിലെ കാർഷിക വായ്പ സംഘങ്ങൾ, കാർഷിക ഗ്രാമ വികസന സംഘങ്ങൾ, സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിലൂടെ കാർഷിക വായ്പകളുടെ ലഭ്യതയും, വിനിയോഗവും സംബന്ധിച്ച് ശ്രീ. പി. എ. ഉമ്മർ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്.

സഹകരണ എക്സ്പോ 2009-ൽ സഹകരണ മേഖലയുമായി ബന്ധപ്പെട്ട മേഖലയുടെ വളർച്ചയ്ക്ക് പ്രയോജനകരമായ വിഷയങ്ങളിൻമേൽ സെമിനാറുകൾ സംഘടിപ്പിച്ചിരുന്നു. സഹകരണ മേഖലയിലെ പ്രമുഖ സഹകാരികളടക്കം സംബന്ധിച്ച ടി സെമിനാറുകളിൽ ഉരുത്തിരിഞ്ഞുവന്ന വിലയേറിയ ആശയങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ വ്യത്യസ്ത മേഖലകളെ സംബന്ധിച്ച് പഠിക്കുന്നതിന് വ്യത്യസ്ത കമ്മിറ്റികളെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ഭാഗം II

**സബ്ജക്ട് കമ്മിറ്റി VII (ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും)-ന്റെ 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള മറുപടി ഇനിയും ലഭിച്ചിട്ടില്ലാത്ത ശുപാർശകൾ താഴെ ചേർത്തിരിക്കുന്നു.**

## ധനാഭ്യർത്ഥന നമ്പർ XXV

**പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം**

3456-00-01-99-സിവിൽ സപ്ലൈസ് വകുപ്പ്-ഭരണവും നടത്തിപ്പും

ശുപാർശ (ഖണ്ഡിക നമ്പർ 49)

സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ സിവിൽ സപ്ലൈസ് കമ്മീഷണർ, സിവിൽ സപ്ലൈസ് ഡയറക്ടർ, കൺട്രോളർ ഓഫ് റേഷനിംഗ്, മൂന്ന് അസിസ്റ്റന്റ് സെക്രട്ടറിമാർ, വിജിലൻസ് ഓഫീസർ, ലാ ഓഫീസർ, ചീഫ് അക്കൗണ്ട്സ് ഓഫീസർ, ഫിനാൻസ് ഓഫീസർ, സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ എന്നിവർ ഉൾപ്പെടെ ആകെ 146 ഉദ്യോഗസ്ഥരുണ്ട്. ഇവരുടെ ശമ്പളം, യാത്രാപ്പടി, ഓഫീസ് ചെലവ് മുതലായവയ്ക്കാണ് ഈ തുക വകയിരുത്തിയിരിക്കുന്നത്. സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് മൂന്ന് പുതിയ ഔദ്യോഗിക വാഹനങ്ങൾ വാങ്ങുന്നതിന് 12,00,000 രൂപ അനുവദിക്കണമെന്ന് 2008-09 സാമ്പത്തിക വർഷത്തിലെയും 2009-10 സാമ്പത്തിക വർഷത്തിലെയും ധനാഭ്യർത്ഥനകളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകളിൽ സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും ആയത് അനുവദിക്കുകയുണ്ടായില്ല. ആയതിനാൽ, ഈ സാമ്പത്തിക വർഷം പ്രസ്തുത ആവശ്യത്തിനായി 12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3456-00-001-97-ജില്ലാ ഓഫീസുകൾ

ശുപാർശ (ഖണ്ഡിക നമ്പർ 50)

സിവിൽ സപ്ലൈസ് വകുപ്പിന്റെ ജില്ലാ ഓഫീസുകളുടെ പ്രവർത്തനത്തിനു വേണ്ടിയാണ് ഈ തുക വകകൊള്ളിച്ചിരിക്കുന്നത്. ജില്ലാ സപ്ലൈ ഓഫീസർ, ഒരു സീനിയർ സൂപ്രണ്ട്, ഒരു ജൂനിയർ സൂപ്രണ്ട് എന്നിവർ ഉൾപ്പെടെ 14 മുതൽ 22 വരെ ഉദ്യോഗസ്ഥന്മാരാണ് ഓരോ ഓഫീസിലുമുള്ളത്. ഇവരുടെ ശമ്പളം, യാത്രാപ്പടി, ഓഫീസ് ചെലവുകൾ, വാടക, കരം എന്നീ കാര്യങ്ങൾക്കാണ് ഈ തുക വകകൊള്ളിച്ചിരിക്കുന്നത്. ജില്ലാ സപ്ലൈ ഓഫീസുകളുടെ വാഹനം വാങ്ങൽ എന്ന ശീർഷകത്തിൽ 2009-2010 സാമ്പത്തിക വർഷവും തുകയൊന്നും വകയിരുത്തിയിട്ടില്ല. 14 ജില്ലാ സപ്ലൈ ഓഫീസുകളിലേയ്ക്ക് വാഹനം വാങ്ങുന്നതിന് 56 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് 2009-10 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൽ സമിതി ശുപാർശ ചെയ്തിരുന്നു എങ്കിലും ആയത് നൽകുകയുണ്ടായില്ല. എന്നാൽ 1000 രൂപ ടോക്കൺ ആയി വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ ഈ വർഷം 56 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3456-00-001-86-കമ്പ്യൂട്ടർവൽക്കരണവും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തലും നവീകരിക്കലും

ശുപാർശ (ഖണ്ഡിക നമ്പർ 51)

2010-11 സാമ്പത്തിക വർഷത്തിൽ സിവിൽ സപ്ലൈസ് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണത്തിനായി അനുവദിച്ച 15 ലക്ഷം രൂപ "3456-00-001-99-34 മറ്റു ചെലവുകൾ" എന്ന ശീർഷകത്തിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത തുക "3456-00-001-86-കമ്പ്യൂട്ടർവൽക്കരണവും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തലും നവീകരിക്കലും" എന്ന ശീർഷകത്തിലേയ്ക്ക് മാറ്റി വകയിരുത്തണമെന്നും സോഫ്റ്റ്‌വെയറിന്റെ വികസനത്തിനായുള്ള എൻ.ഐ.സി.യുടെ പ്രോജക്ടിന് വേണ്ടിയും ജില്ലാ സപ്ലൈ ഓഫീസുകളിലും കമ്മീഷണറേറ്റിലും പുതിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി ഇൻസ്റ്റാൾ ചെയ്യുന്നതിന് വേണ്ടിയും അധികമായി 22.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVIII

### പലവക സാമ്പത്തിക സർവ്വീസുകൾ

3475-00-106-99-അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ

ശുപാർശ (ഖണ്ഡിക നമ്പർ 52)

മിന്നൽ പരിശോധനകളും ക്യാമ്പുകളും നടത്തുന്ന ഉദ്യോഗസ്ഥർക്ക് സ്ഥിരം യാത്രാബത്ത നൽകുന്നതിനായി '04-യാത്രാബത്ത (നോൺ പ്ലാൻ)' എന്ന ഇനത്തിൽ 2,33,000 രൂപയും, പഴക്കമുള്ള വാഹനങ്ങൾ ഉപയോഗിച്ച് എൻഫോർസ്‌മെന്റ് പ്രവർത്തനം നടത്തുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ വകുപ്പിലെ 9 വാഹനങ്ങൾ മാറ്റി പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി "21-മോട്ടോർ വാഹനം (1) വാഹനം വാങ്ങൽ (നോൺ പ്ലാൻ)" എന്ന ഇനത്തിൽ 60 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 53)

15-12-2009-ലെ ജി.ഒ. (ആർറ്റി.) 2078/09/എ.ഡി. പ്രകാരം തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന ആൾ ഇന്ത്യ ലൈവ് സ്റ്റോക്ക് എക്സിബിഷൻ ആന്റ് ഫുഡ് ഫെസ്റ്റിവലിന്റെ ചെലവിലേയ്ക്ക് 1 കോടി 50 ലക്ഷം രൂപ കണക്കാക്കിയിരുന്നതിൽ 50 ലക്ഷം രൂപ ലീഗൽ മെട്രോളജി വകുപ്പും ഭക്ഷ്യപൊതുവിതരണ വകുപ്പും പ്രസ്തുത വകുപ്പിന് കീഴിലുള്ള ഏജൻസികളും ചേർന്ന് വഹിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ സാമ്പത്തിക വർഷം "08-പരസ്യം, പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ (പ്ലാൻ)" ഇനത്തിൽ അനുവദിച്ചിട്ടുള്ള 3 ലക്ഷം രൂപ വകുപ്പിന്റെ സേവനങ്ങളെ സംബന്ധിച്ച് ദൃശ്യ, ശ്രാവ്യ, പത്രവാർത്താ മാദ്ധ്യമങ്ങളിൽ പരസ്യം നൽകുന്നതിന് ചെലവഴിക്കേണ്ടതിനാൽ മേൽപ്പറഞ്ഞ ഫെസ്റ്റിവലിലെ ചെലവിനായി വിഹിതം നൽകുന്നതിന് 10 ലക്ഷം രൂപ കൂടി അധികമായി പ്രസ്തുത ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5475-00-800-95-കെട്ടിടങ്ങൾ

ശുപാർശ (ഖണ്ഡിക നമ്പർ 54)

ലീഗൽ മെട്രോളജി വകുപ്പിന്റെ കൊല്ലം, എറണാകുളം, ഓഫീസുകളിൽ പാർക്കിംഗ് സൗകര്യം ഉണ്ടാക്കുന്നതിനും തൃശ്ശൂരുള്ള ഓഫീസിന് ചുറ്റുമതിൽ കെട്ടുന്ന തിനും, കൊല്ലത്ത് ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റ് പണിയുന്നതിനുമായിട്ടാണ് 32 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്. എന്നാൽ മേൽ പ്രവർത്തികൾക്ക് 1 കോടി രൂപ ആവശ്യമായതിനാൽ പ്രസ്തുത തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXX

**ഭക്ഷ്യം**

2408-01-800-94- അന്ത്യോദയ-അന്നയോജന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനെത്തിക്കുന്നതിനുള്ള ട്രാൻസ്പോർ ട്ടേഷൻ ചെലവും മറ്റു ചെലവുകളും

ശുപാർശ (ഖണ്ഡിക നമ്പർ 58)

2001-02 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്ന ഈ പദ്ധതിയനുസ രിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വളരെ പാവപ്പെട്ട കുടുംബങ്ങൾക്ക് കിലോഗ്രാമിന് 3 രൂപ നിരക്കിൽ പ്രതിമാസം 35 കിലോഗ്രാം അരി ലഭ്യമാക്കുന്നു. പദ്ധതിയുടെ ഗുണഭോക്താക്കളായി 595800 കുടുംബങ്ങളെയാണ് കണക്കാക്കിയിട്ടുള്ളത്. മേയ് 2009 മുതൽ കിലോഗ്രാമിന് 2 രൂപ നിരക്കിൽ അരി വിതരണം ചെയ്തുവരുന്നു. വിതരണത്തിനുള്ള കടത്തുകൂലി, കൈകാര്യചെലവ്, വിൽപ്പന നികുതി മുതലായ ചെലവുകൾ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ഇതിലേക്കാണ് മേൽപ്പറഞ്ഞ തുക വകയിരുത്തിയിട്ടുള്ളത്. 2009 ഫെബ്രുവരി മാസം വരെയുള്ള കമ്മീഷൻ കുടിശ്ശി കയാണ് റേഷൻ വ്യാപാരികൾക്ക് ഇതുവരെ നൽകിയിട്ടുള്ളത്. 2009 മാർച്ചിലെ കുടിശ്ശിക ഉൾപ്പെടെ 2010-11 സാമ്പത്തിക വർഷം ആകെ 25 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. ഗണ്യമായ തുക റേഷൻ വ്യാപാരികൾക്ക് കുടിശ്ശിക വരുത്തുന്നത് പൊതുവിതരണസമ്പ്രദായത്തെതന്നെ പ്രതികൂലമായി ബാധിക്കുമെന്നതി നാൽ ഈ ശീർഷകത്തിൽ 15 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2408-01-800-91-കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ്

ശുപാർശ (ഖണ്ഡിക നമ്പർ 59)

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ആരംഭിച്ച ഇൻഡിജീനസ് ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ 2010-11 സാമ്പത്തിക വർഷം ഭക്ഷ്യ സംസ്കരണ പരിശീലന കേന്ദ്രം തുടങ്ങാനും ക്യാമ്പസിന് ചുറ്റുമതിലും ഫയർലൈനും സ്ഥാപിക്കുന്നതിനും ക്യാമ്പസിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും സൗന്ദര്യവൽക്കരണത്തിനും റോഡ്

നവീകരണത്തിനും കെമിക്കൽ അനാലിസിസ് ലബോറട്ടറി, ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറി എന്നിവയ്ക്ക് ആവശ്യമായ കെട്ടിടത്തിന്റെ പൂർത്തീകരണ ത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും കൂടാതെ ഭക്ഷ്യ സാങ്കേതിക കോളേജ് ആരംഭിക്കുന്നതിനുമായി 5.5 കോടി രൂപ കൂടുതലായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2408-01-800-86-അംഗീകൃത റീട്ടെയിൽ ഡിപ്പോകളുടെ നവീകരണം

ശുപാർശ (ഖണ്ഡിക നമ്പർ 60)

റേഷൻ ഡിപ്പോകളുടെ നവീകരണത്തിനും റേഷൻ സാധനങ്ങളുടെ ദുരുപ യോഗം തടയുന്നതിലേയ്ക്കുമായി എല്ലാ ചില്ലറ/മൊത്ത വ്യാപാര ഡിപ്പോകളിലും കമ്പ്യൂട്ടർ, സ്കാനർ, കാർഡ് റീഡർ എന്നീ ഉപകരണങ്ങൾ സ്ഥാപിച്ച് എഫ്.സി.ഐ. യിൽ നിന്നും എടുക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തു ന്നതിനും അതുപോലെ മൊത്ത വ്യാപാരികൾ ചില്ലറ വ്യാപാരികൾക്ക് നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ വിവരങ്ങളും, ചില്ലറ വ്യാപാരികൾ കാർഡ് ഉടമകൾക്ക് നൽകുന്ന സാധനങ്ങളുടെ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തുന്നതിനും വേണ്ടി നടപ്പാക്കുന്ന, കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള, പദ്ധതിയുടെ ചെലവിലേയ്ക്കായി ഈ സാമ്പത്തിക വർഷം 15 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4408-01-101-95-റേഷൻ കാർഡ് പുതുക്കൽ

ശുപാർശ (ഖണ്ഡിക നമ്പർ 61)

സംസ്ഥാനത്ത് നിലവിലുള്ള 68 ലക്ഷത്തോളം റേഷൻ കാർഡുകൾ 2009-10 സാമ്പത്തിക വർഷം പുതുക്കി നൽകിയ ഇനത്തിൽ കെൽട്രോണിന് 3 കോടി രൂപയും സി-ഡിറ്റിന് കാർഡ് ഒന്നിന് 13.85 രൂപ നിരക്കിൽ 25 ലക്ഷം രൂപയും നൽകാനുണ്ട്. ഈ സാഹചര്യത്തിൽ മേൽ ശീർഷകത്തിൽ 2010-11 വർഷം 5 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സമിതിയുടെ നിഗമനങ്ങളും ശുപാർശകളും

ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വകുപ്പുകൾ നൽകിയ ധനാഭ്യർത്ഥനകൾ പരിശോധിച്ചു. സമിതി നടത്തിയ ശുപാർശ പ്രകാരം സ്വീകരിച്ച നടപടികൾ പരിഗണിച്ചതിൽ നിന്നും ആവശ്യമായ അധിക തുക എല്ലാ ശീർഷകങ്ങൾക്കും അനുവദിച്ചിട്ടില്ല എന്നു സമിതി മനസ്സിലാക്കുന്നു. ആവശ്യ മായ തുക അനുവദിക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ പ്രസ്തുത ശീർഷകങ്ങളിൽ അടുത്ത സാമ്പത്തിക വർഷത്തിൽ കൂടുതൽ തുക വകയിരുത്തുന്ന കാര്യം പരിഗണി ക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII (ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും)-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട 13 ശുപാർശകളിൽ 3 ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് മാത്രമേ ലഭിച്ചിട്ടുള്ളൂ.

"കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം ഓരോ വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധനയെ സംബന്ധിച്ച കമ്മിറ്റിയുടെ ശുപാർശകളിന്മേൽ സർക്കാർ എടുത്ത നടപടിയുടെ റിപ്പോർട്ട് ഓരോ സബ്ജക്ട് കമ്മിറ്റിയുടെയും അദ്ധ്യക്ഷൻ ആ സാമ്പത്തിക വർഷം അവസാനമോ സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം ഉടനെയുള്ള നിയമസഭാ സമ്മേളനത്തിലോ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും സർക്കാർ വകുപ്പ് നടപടി സ്റ്റേറ്റ്മെന്റ് കമ്മിറ്റിക്ക് നൽകാതിരിക്കുന്നപക്ഷം അതിന്റെ കാരണം ബന്ധപ്പെട്ട മന്ത്രി റിപ്പോർട്ട് സമർപ്പിച്ച് പതിനഞ്ച് ദിവസത്തിനുള്ളിലോ, അടുത്ത നിയമസഭാ സമ്മേളനത്തിന്റെ ആരംഭത്തിലോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് അപ്പോൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്".

ആയതിനാൽ, 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ ഇനിയും നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ലാത്ത ശുപാർശകൾ സംബന്ധിച്ച്, അവ സമർപ്പിക്കാതിരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം ഉൾപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സഭയിൽ സമർപ്പിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2012 മാർച്ച് 20.

**ഷിബു ബേബി ജോൺ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*